കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail: lfadpta@gmail.com

നം. കെ.എസ്.എ.പിറ്റിഎ.പി9/199/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട - 689 645

ഫോൺ: 0468 2223691

ഇമെയിൽ - *lfadpta@gmail.com*

തീയതി: 20.03.2020

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പത്തനംതിട്ട.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

തണ്ണിത്തോട് ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-Þ¢ വകുപ്പ്, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-Þ¢ വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15)

ഈ റിപ്പോർട്ട് കൈപ്പറ്റ് രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

പകർപ്പ്: 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. ഓഫീസ് കോപ്പി

നം.കെ.എസ്.എ.പിറ്റി.എ.പി9/199/2020 തീയതി: 20.03.2020

**പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.12.2018 മുതൽ 23.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന്

ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | പി.കെ വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.02.2020 മുതൽ 04.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സി.വീണ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി സൂര്യപ്രഭ പി.സി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അരുൺകുമാർ എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ഹരികുമാർ എസ്. | ഓഡിറ്റർ |

**ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അമ്പിളി എം.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ സൈമൺ വർഗ്ഗീസ് | 01.04.2018 മുതൽ 28.06.2018 FN വരെ |
| | ശ്രീ സേതു ആർ. | 28.06.2018 AN മുതൽ 06.08.2018 FN വരെ |
| | ശ്രീ ഷാജു പി.എ. | 06.08.2018 AN മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റോയ് തോമസ് | 01.04.2018 മുതൽ 09.10.18 വരെ |
| | ശ്രീ. അജുദേവ് വി. | 10.10.18 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിനിരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ. വിനായക് കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. അനിലാറാണി.എസ് | 01.04.2018 മുതൽ 30.07.2018 വരെ |
| | ഡോ. ലക്ഷ്മി പി. | 01.08.18 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. ബിന്ദു | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. ജയശ്രീ വി.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ. സിബി മാത്യൂസ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ആലിയ ഫർസാന | 01.04.2018 മുതൽ 31 .08.2018 വരെ |
| | ഡോ.ആര്യ എസ്. | 01.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജയപ്രകാശ് എം.ജെ. (അഡീഷണൽ ചാർജ്ജ്) | 01.04.2018 മുതൽ 16.06.2018 FN വരെ |
| | സാവിത്രി | 16.06.18 FN മുതൽ 20.06.18 വരെ |

| | | |
|---|---|---|
| | (അഡീഷണൽ ചാർജ്ജ്) | |
| | പുന്നൂസ് ജേക്കബ് | 20.06.18 AN മുതൽ 24.11.18 ANവരെ |
| | സൗമ്യാ റ്റി.<br>(അഡീഷണൽ ചാർജ്ജ്) | 24.11.18 AN മുതൽ 21.01.19 AN വരെ |
| | ബൈജു എ. | 21.01.19 AN മുതൽ 05.03.19 വരെ |
| | അനന്ദു ജെ.എം. | 06.03.19 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി കൃഷ്ണേന്ദു | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി പ്രഭ | 18.07.2018 മുതൽ 13.09.2018 വരെ |
| | | 14.09.2018 മുതൽ 23.09.2018 വരെ vacant) |
| | ശ്രീമതി. റീന പത്മനാഭൻ | 24.09.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ അനിയൻ എ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ്& പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം(റിവൈസ്ഡ് എ.എഫ്.എസ് പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ടെണ്ടർ ഫോറം വില, ഇ.എം.ഡി തുകകൾ പഞ്ചായത്തിൽ ഒടുക്കിയില്ല | 1-12 |
| 13 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു – പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 14 | പെർമിറ്റിന് വിരുദ്ധമായി തുറസ്സായ സെല്ലാറിൽ മുറികൾ നിർമ്മിച്ചു | 1-14 |
| 15 | ടെണ്ടർ ഫീസ് തിരികെ ഈടാക്കിയിട്ടില്ല | 1-15 |
| 16 | ടെണ്ടർ കൂടാതെ ഓഫീസ് ഫർണ്ണീഷിംഗ്- ചെലവ് 8.64 ലക്ഷം രൂപ | 1-16 |
| 17 | കാലിത്തൊഴുത്ത് നവീകരണം(ജനറൽ)-നിർവ്വഹണത്തിൽ ഗുരുതര വീഴ്ച | 1-17 |
| 18 | കാലിത്തൊഴുത്ത് നവീകരണം(എസ്.സി.പി)-സബ്സിഡി തുക | 1-18 |

| | | |
|---|---|---|
| | സ്വകാര്യ സ്ഥാപനത്തിന് നൽകി | |
| 19 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-ടെണ്ടർ നടപടികളിൽ ക്രമക്കേട് | 1-19 |
| 20 | റ്റി.എസ്.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു | 1-20 |
| 21 | ക്ഷീരകർഷകർക്ക് അധികതുക ഇൻസെന്റീവ് നൽകി | 1-21 |
| 22 | കിണർ റീചാർജിംഗ് പദ്ധതിയ്ക്ക് നിർവ്വഹണ ഏജൻസിയുടെ കൈവശം അധികം നിൽക്കുന്ന തുക സർക്കാർ ഫണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല | 1-22 |
| 23 | അഗതി രഹിത കേരളം - പദ്ധതി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിൽ പിഴവ് | 1-23 |
| 24 | പി.എച്ച്.സി.യ്ക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-24 |
| 25 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഫണ്ട് ലാപ്സാക്കി | 1-25 |
| 26 | കാഡ്കോയിൽ നിന്നും ഫർണ്ണീച്ചർ - ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങി | 1-26 |
| 27 | ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-27 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച 54.15 ലക്ഷം രൂപയുടെ പൂർത്തീകരണ രേഖകളില്ല | 1-28 |
| 29 | പി.എച്ച്.സിക്ക് വനിതാ ടോയ്‌ലറ്റ്-പദ്ധതി നിർവ്വഹണത്തിലെ പിഴവുകൾ | 1-29 |
| 30 | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്-പ്രവൃത്തി പൂർത്തീകരിച്ചിട്ടും മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-30 |
| 31 | വൃദ്ധർക്ക് പകൽ വീട്-ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടിയിരുന്ന പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കി | 1-31 |
| 32 | തണ്ണിത്തോട് പി.എച്ച്.സിയ്ക്ക് മെയിന്റനൻസ്-പഴയ മേൽക്കൂര ലേലം ചെയ്തില്ല | 1-32 |
| 33 | അലോട്ട്മെന്റിൽ നിന്നും കുടിശ്ശിക കുറവ് ചെയ്തത് ബില്ലിൽ കുറവ് ചെയ്തിട്ടില്ല | 1-33 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 01.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4974698 |
| വരവ് | 99511610 |
| ആകെ | 104486308 |
| ചെലവ് | 91420122 |
| നീക്കിയിരിപ്പ് | 13066186 |

*റിവൈസ്ഡ് എ.എഫ്.എസ്സ് പ്രകാരം

## 1-4 ഫണ്ട് വിനിയോഗം (റിവൈസ്ഡ് എ.എഫ്.എസ്സ് പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 35859754 | 35859754 | 34195411 | 1664343 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3431000 | 3431000 | 3431000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 144000 | 144000 | 113299 | 30701 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8115000 | 8115000 | 8114391 | 609 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6249000 | 6249000 | 3362152 | 2886848 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 18396193 | 18396193 | 13643250 | 4752943 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| ദുരിതാശ്വാസനിധി | | 12608 | 507 | 13115 | 0 | 13115 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 28416624 | 28416624 | 28416624 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1176 | 505176.50 | 506352.5 | 503238.50 | 3114 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം | | 805500 | 412100 | 1217600 | 373157 | 844443 |
| എസ്.എസ്.എ. | | 170864 | 6059 | 176923 | - | 176923 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1606723 | 1820144 | 3426867 | 1088712 | 2338155 |
| ബി ഫണ്ട് | | 0 | 32863760 | 32863760 | 32863760 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 849728 | 14736141 | 15585869 | 10781171 | 4804698 |
| | ട്രഷറി അക്കൗണ്ട്(ജനറൽ പർപ്പസ്) | 442306 | 7012773 | 7455079 | 6263557 | 1191522 |
| എസ്.ബി.ഐ. കോന്നി (എസ്.എസ്.എ) | | 170864 | 6059 | 176923 | 0 | 176923 |
| പി.ഡി.സി.ബി.(സെൻട്രൽ & സ്റ്റേറ്റ് ഫണ്ട്സ്) | | 2621169 | 2102011 | 4723180 | 1105003 | 3618177 |
| എസ്.ബി.ഐ. (ഇ പേയ്മെന്റ്) | | 20016 | 2375840 | 2395856 | 2150493 | 245363 |
| എസ്.റ്റി.എസ്.ബി. ജോയിന്റ് വെൻച്വർ | | -2568 | 10999401 | 10996833 | 8015316 | 2981517 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 110868286 | 194 | 76740484 | - | 64 | 75.19 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1176 | 505176.50 | 506352.5 | 503238.50 | 3114 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26472301 | 26472301 | 26472301 | 0 |
| മെറ്റീരിയൽസ് | 0 | 1914323 | 1914323 | 1914323 | 0 |
| 100 തൊഴിൽ ദിനം പൂർത്തിയായവർക്ക് നൽകിയ ബോണസ് തുക | 0 | 30000 | 30000 | 30000 | 0 |
| ആകെ | 1176 | 28921800.5 | 28922976.5 | 28919862.5 | 3114 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34560 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 5381800 | 435 |
| വിധവാപെൻഷൻ | 7896800 | 659 |
| വാർദ്ധക്യകാലപെൻഷൻ | 16841700 | 1404 |
| വികലാംഗപെൻഷൻ | 2483300 | 205 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 105600 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2020, 3 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11131 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

- വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.
- ടെണ്ടർ ഫോം ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- നിർവ്വഹണോദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്യുന്ന രസീതുകൾ പ്രകാരമുള്ള വരവ് പഞ്ചായത്തിൽ കൃത്യമായി ഒടുക്ക് വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല.
- പ്രൊക്യൂർമെന്റ് കമ്മിറ്റി, പർച്ചേയ്സ് ചെയ്യുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.20 | നവംബർ 2019 മുതൽ ഡിസംബർ 2019 വരെ | 20.01.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.18 മുതൽ 30.01.18 | 2012-13 മുതൽ 2016-17 വരെ | 09.03.18 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ട്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4-ൽ കാണിച്ചിട്ടുള്ള തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ടെൻഡർ ഫോറം വില, ഇ.എം.ഡി. തുകകൾ പഞ്ചായത്തിൽ ഒടുക്കിയില്ല.

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയുടെ ടെൻഡർ ഫോറം വില, ഇ.എം.ഡി. എന്നീ ഇനങ്ങളിൽ 9840 നമ്പർ രസീത് ബുക്കിലെ 5 മുതൽ 8 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 09.08.18, 10.08.18, 13.08.18 തീയതികളിലായി പിരിച്ചെടുത്ത 5472 രൂപ നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക വരുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം. I ആർട്ടിക്കിൾ 8, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 23 എന്നിവ പ്രകാരം കാഷ്, മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്ക വരുത്തേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം.16(2) ലും നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്ന തുക യഥാസമയം പഞ്ചായത്തിൽ ഒടുക്ക വരുത്തുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ട്. 9840 നമ്പർ രസീത് ബുക്കിലെ 1 മുതൽ 4 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 02.08.18-ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 130000 രൂപ, തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത 9840(9), 9840(10) രസീതുകൾ വഴി പിരിച്ചെടുത്ത 65000 രൂപ എന്നിവ പഞ്ചായത്തിൽ ഒടുക്ക വരുത്തിയിട്ടുള്ളത് 20.08.18-ൽ മാത്രമാണ്. ടി. തുകകൾ യഥാസമയം പഞ്ചായത്തിൽ ഒടുക്കവരുത്താതെ പണം തിരിമറി നടത്തിയിട്ടുള്ളതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/04.02.20) തിരക്കിനിടയിൽ തുക ഒടുക്ക് വരുത്തുവാൻ മറന്ന് പോയതാണെന്നും തുക പഞ്ചായത്തിൽ ഒടുക്ക് വരുത്താൻ അനുവദിക്കണമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല . ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 5472 രൂപ നാളിതുവരെ പഞ്ചായത്തിൽ ഒടുക്കവരുത്താതെ ഇരുന്ന വെറ്ററിനറി സർജന്റെ നടപടി പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ടിയാനിൽ നിന്നും തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-13 കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) ൽ നിഷ്കർഷിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ഉപവകുപ്പ് 2-ൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരേ ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന് അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് ഉപവകുപ്പ് (9)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യത്തിനു മാത്രമായുള്ള 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

100ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 40 രൂപയും അതേ ഗണത്തിൽപ്പെട്ട 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 70 രൂപയുമായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | കെട്ടിട നികുതി ഈടാക്കിയത് ($40/m^2$ നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് ($70/m^2$ നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| തോമസ് ജോൺ, ചരുവിൽ, വാർഡ്-13 | 212A | 15 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 720 | 1260 | 540 |
| | 212B | 27.5 | " | - | 1320 | 2310 | 990 |
| | 212C | 17.5 | " | - | 840 | 1470 | 630 |
| | 212D | 24.5 | " | - | 1176 | 2058 | 882 |
| | 212E | 38.17 | " | - | 1832 | 3206 | 1374 |
| | 212F | 21 | " | ഒന്നാം നില 5% | 958 | 1676 | 718 |
| | 212G | 13.23 | " | " | 605 | 1056 | 451 |
| | 212H | 13.23 | " | " | 605 | 1056 | 451 |
| | 212I | 23.5 | " | " | 1072 | 1875 | 803 |
| | 212J | 25.83 | " | " | 1178 | 2061 | 883 |
| | 212K | 17.25 | " | " | 787 | 1377 | 590 |
| | 212L | 47.49 | " | " | 2166 | 3790 | 1624 |
| **ആകെ** | | **284.2** | | | **13259** | **23195** | **9936** |
| കെ.വി.മാത്യു, തടത്തിൽ, കരിമാൻതോട്, വാർഡ്-3 | 354A | 24.5 | - | - | 980 | 1715 | 735 |
| | 354B | 24.5 | - | - | 980 | 1715 | 735 |
| | 354C | 24.5 | - | - | 980 | 1715 | 735 |
| | 354D | 24.5 | - | - | 980 | 1715 | 735 |
| | 354E | 26.75 | - | - | 1070 | 1779 | 709 |
| | 354F | 26.75 | - | - | 1070 | 1779 | 709 |
| | 354G | 26.75 | - | - | 1070 | 1779 | 709 |
| | 354H | 26.75 | - | - | 1070 | 1779 | 709 |
| **ആകെ** | | **205** | | | **8200** | **13976** | **5776** |
| ലില്ലി, മൂഴിയ്ക്കൽ, വാർഡ്-11 | 1A | 28.35 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 1361 | 2381 | 1020 |
| | 1B | 28.35 | " | - | 1361 | 2381 | 1020 |
| | 1C | 33.26 | | | | | |
| | 1D | 33.21 | | | | | |
| | 1E | 33.44 | **ച.മീ.ന് 70 രൂപ നിരക്കിൽ നികുതി നിർണയിച്ചിട്ടുണ്ട്** | | | | |
| | 1F | 19.69 | | | | | |
| | 1G | 20.01 | | | | | |
| **ആകെ** | | **196.31** | | - | **2722** | **4762** | **2040** |
| **ആകെ വരുമാന നഷ്ടം** | | | | | | | **17752** |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/03.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ

മുഴവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 പെർമിറ്റിനു വിരുദ്ധമായി തുറസ്സായ സെല്ലാറിൽ മുറികൾ നിർമ്മിച്ചു

തണ്ണിത്തോട് വില്ലേജ്, സർവ്വേ നം. 226/3, 225/4-1 -ലുള്ള 243 ച.മീ ഭൂമിയിൽ 158.96 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.രാജേന്ദ്രൻ പിള്ള, കിഴക്കേക്കര, തണ്ണിത്തോട് എന്നയാൾക്ക് 27.07.2018-ൽ A2-BA(163263)/2018 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. 79.48ച.മീ. വിസ്തീർണ്ണമുള്ള തറനിരപ്പ് നിലയിൽ മൂന്ന കടമുറികളും സ്റ്റെയർകെയ്സ് റൂമും 79.48ച.മീ. തന്നെ വിസ്തീർണ്ണമുള്ള സെല്ലാർ നില തുറസായി ഇട്ടിരിക്കുന്നതുമായാണ് പ്ലാനിൽ കാണിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ സെല്ലാർ നില കെട്ടിയടച്ച് മുറികൾ നിർമ്മിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് വാടകയ്ക്ക് നൽകിയിരിക്കുന്നതായി കണ്ടു. തറനിരപ്പ് നിലയിൽ സ്റ്റെയർകെയ്സ് റൂം കൂടി കടമുറിയാക്കുകയും മറുവശത്ത് സ്റ്റീൽ സ്റ്റെയർകെയ്സ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 25.04.19-ൽ ടി.കെട്ടിടത്തിന്റെ തറ നിരപ്പ് നിലയിലെ 84.31 ച.മീ. അസ്സസ്സ് ചെയ്യുകയും 157A എന്ന നമ്പർ നൽകുകയും ചെയ്തു. കംപ്ലീഷൻ പ്ലാനിൽ സ്റ്റെയർകെയ്സ് റൂം മാറ്റി കടമുറിയായി കാണിച്ചിട്ടുണ്ട്. എന്നാൽ സെല്ലാർ കെട്ടിയടച്ച് അനധികൃതമായി മുറികൾ നിർമ്മിച്ചത് കംപ്ലീഷൻ പ്ലാനിൽ കാണിക്കുകയോ, റഗലറൈസ് ചെയ്യുകയോ ചെയ്തിട്ടില്ല.

തറ നിരപ്പ് നിലയുടെ കാർപ്പറ്റ് വിസ്തീർണ്ണമായ 63.58 ച.മീ. നെ അടിസ്ഥാനമാക്കിയാണ് പാർക്കിംഗ് കണക്കാക്കിയിരുന്നത്. ആയത് പ്രകാരം ആവശ്യമായ ഒരു കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം (15ച.മീ.) കെട്ടിടത്തിന്റെ മുൻവശത്തുള്ള തുറസ്സായ സ്ഥലത്താണ് കാണിച്ചിരുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(7) പ്രകാരം, നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞുതിരിയുന്നതിനുള്ള സൗകര്യവുമുള്ള പക്ഷം തുറസ്സായ സ്ഥലത്തിന്റെ പരമാവധി 50% മാത്രം പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ സെല്ലാർ നിലയിലെ കാർപ്പറ്റ് വിസ്തീർണ്ണം കൂടി പരിഗണിക്കുമ്പോൾ പാർക്കിംഗിന് മതിയായ സ്ഥലം ലഭ്യമല്ല.

അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (15/03.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം നിയമാനുസൃതം ക്രമവത്ക്കരിച്ച് നൽകാവുന്നതാണെങ്കിൽ ആയതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ക്രമവത്ക്കരിക്കാൻ സാധിക്കുന്നതല്ലായെങ്കിൽ കേരള പഞ്ചായത്തുരാജ് നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള മറ്റ് തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-15 ടെണ്ടർ ഫീസ് തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. ഓഡിറ്റ് വർഷം 4 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസ് പത്തനംതിട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 78/19 | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ചുറ്റുമതിൽ, ഗേറ്റ് | 650000 | 3 | 1547 |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം | | | |
| 2 | 47/19 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 975000 | 2 | 2321 |
| 3 | 286/19 | പബ്ളിക് ടോയ്‌ലറ്റ് നിർമ്മാണം | 1200000 | 2 | 2975 |
| 4 | 175/19 | മണ്ണീറ തലമാനം അങ്കണവാടി നിർമ്മാണം | 1450000 | 2 | 2975 |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കുറവായിട്ടുകൂടി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-16 ടെണ്ടർ കൂടാതെ ഓഫീസ് ഫർണ്ണിഷിംഗ്- ചെലവ് 8.64 ലക്ഷം രൂപ

| | |
|---|---|
| പ്രോജക്ട് നം. | 18/19 |
| ചെലവ് | 864330 |
| ട്രഷറി ബിൽ നം., തീയതി | 44/19-22.11.18 |

2018-19-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും 864330 രൂപ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് പുതിയ പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ്. ടെണ്ടർ നടപടി കൂടാതെ കേരള ആർട്ടിസാൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ(കാഡ്കോ) നിന്നും ഓഫീസ് ഫർണ്ണിഷിംഗിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുകയാണുണ്ടായത് (ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.09.18-ലെ 4-ാം നമ്പർ തീരുമാനം).

തദ്ദേശഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ പരിഗണിക്കുന്നതിന് 27.09.2017-ലെ സ.ഉ.(സാധാ)നം.3161/2017/തസ്വഭവ. നമ്പർ പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇത്തരം പ്രവൃത്തികൾ നടത്തുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനും, മറ്റ് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനുമുള്ള ഏജൻസി എന്നാണ് നോഡൽ ഏജൻസി എന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധന സാമഗ്രികൾ വാങ്ങുന്നതിന് ടി ഉത്തരവ് തദ്ദേശ സ്വയഭരണ സ്ഥാപനത്തെ അധികാരപ്പെടുത്തുന്നില്ല. കാരണം സ്റ്റോർ പർച്ചേസ് നടപടികളിൽ നിന്നും ഇളവ് നൽകി ടെണ്ടർ കൂടാതെ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകുന്നത് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഉത്തരവ് മുഖേനയാണ്. കാഡ്കോയിൽ നിന്നും സർക്കാർ നിശ്ചയിച്ച നിരക്കിൽ തേക്ക്, ആഞ്ഞിലി, ഹാർഡ് വുഡ് എന്നിവയിൽ നിർമ്മിച്ച തടിയുരുപ്പടികൾ വാങ്ങുന്നതിന് അനുമതിയുണ്ട്. (G.O.(Rt.)No.60/2017/SPD, dtd.20.11.17). എന്നാൽ പ്രസ്തുത ഉത്തരവിൽ പറഞ്ഞ ഇനം ഫർണിച്ചറുകളല്ല കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധന പ്രകാരം വാങ്ങിയ തടി ഉപകരണങ്ങളുടെ ഗുണനിലവാരം ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സിലും ഈ വാങ്ങൽ അംഗീകരിച്ചതായി രേഖപ്പെടുത്തലുകളില്ല. ഫർണ്ണിഷിംഗ് നടത്തി 17 മാസങ്ങൾക്ക് ശേഷവും പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റാൻ കഴിഞ്ഞിട്ടില്ല. വാങ്ങിയ ഉപകരണങ്ങളുടെ വിവരവും ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങളും ചുവടെ ചേർക്കുന്നു.

**ഇൻവോയ്സ് 36, dtds. 03.10.18**

| Sl. No. | Description of Goods | Qty. | Rate | Amout | ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങൾ |
|---|---|---|---|---|---|
| 1. | Front office table of size 7 feet | 1 | 24240 | 24240 | – |

| | | | | | |
|---|---|---|---|---|---|
| | Lx2Wx305H , 18mm Rubwood | | | | |
| 2. | L shape Table Size 6x2x2.5 with drawer, cupboard and key board using rubwood | 3 | 27750 | 83250 | - |
| 3 | L shape Table Size 7x2.5x2.5 with drawer, cupboard and key board using rubwood with glass top | 2 | 30350 | 60700 | ടേബിളിന്റെ ഉപരിതലത്തിൽ ഗ്ലാസ് പതിപ്പിച്ചിട്ടില്ല |
| 4 | Back cup board with glass door and handy with lock size7x6.5x1.6, nine numbers door | 1 | 62240 | 62240 | അലമാരയുടെ താഴ്ഭാഗത്തെ ഭിത്തിയോട് ചേർന്ന രണ്ട് അറകൾ ഈർപ്പം പിടിച്ചും പ്രാണികൾ നിറഞ്ഞ അവസ്ഥയിലും കാണപ്പെട്ടു. |
| 5 | Hall rack of size 9 x7x1.5 with 20 number pigeon hall | 2 | 88060 | 176120 | ഓഫീസ് ഹാളിൽ ഒരു വശത്ത് ടി സ്പെസിഫിക്കേഷൻ പ്രകാരമുള്ള റാക്കും മറുവശത്ത് നെറ്റ് വർക്കിംഗ് കേബിൾ ബോക്സ് സ്ഥാപിച്ചിരുന്നതിനാൽ 7 അടി നീളമുള്ള അലമാരയാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്(ക്രമ നം.4-ന്റെ മാതൃകയിലുള്ളത്). എന്നാൽ റാക്കിന്റെ തുകയാണ് അനുവദിച്ചത്. |
| 6 | Clerical table of size 4x2 with drawer, cupboard and key board side rack and front top 12mm glass | 12 | 16775 | 201300 | - |
| 7 | President room cupboard and showcase with size 7x6x1.5 with glass door | 1 | 72340 | 72340 | ക്രമ നം-4-ന്റെ അതേ മാതൃകയിലുള്ള അലമാര തന്നെയാണ് സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ വിലയിൽ 10000 രൂപയിൽ അധികം വ്യത്യാസമുണ്ട്. അലമാരയുടെ ഒരു വാതിൽ നിലവിൽ പൊട്ടിയ നിലയിലാണ്. |
| 8 | High back revolving chair | 2 | 9887 | 19794 | - |

| | | | | | |
|---|---|---|---|---|---|
| | cushioned seat And back | | | | |
| 9 | Medium back revolving chair cushioned | 3 | 8416 | 25248 | - |
| 9. | LWS @1%) | | | 8557 | |
| | GST | | | 130540 | |
| | **Total** | | | **864329** | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(24/4.3.18) മറുപടി നൽകിയിട്ടില്ല. ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൻമേൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 കാലിത്തൊഴുത്ത് നവീകരണം( ജനറൽ)- നിർവ്വഹണത്തിൽ ഗുരുതര വീഴ്ച

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 189/19 | |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ) | |
| | 13,00,000 | |
| ചെലവ് | 13,00,000 | |

കാലിത്തൊഴുത്ത് നവീകരിക്കുന്നതിനുവേണ്ടിയുള്ള (വളക്കുഴി/മൂത്രത്തൊട്ടി നിർമ്മാണം എന്നിവ ഉൾപ്പടെ) പ്രോജക്ടിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഗുണഭോക്താവിന് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 25000 രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചപ്പോൾ പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ ഗുരുതരമായ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് പ്രകാരം 52 ഗുണഭോക്താക്കൾക്കായി വികസന ഫണ്ടിൽ നിന്നും 13,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 36 ഗുണഭോക്താക്കൾക്ക് 25,000 രൂപ ക്രമത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 16 ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഇനത്തിൽ 25000 രൂപ ക്രമത്തിൽ 4 ലക്ഷം രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 315000 രൂപ ഗുണഭോക്താക്കൾക്കും 85000 രൂപ അർച്ചന മെഡിക്കൽസ് എന്ന സ്ഥാപനത്തിനും ആണ് നൽകിയിരിക്കുന്നത്. അർച്ചന മെഡിക്കൽസിൽ നിന്നും ഗുണഭോക്താവ് Rubber cattle mat വാങ്ങിയതായുള്ള ബില്ലിന്റെ അടിസ്ഥാനത്തിൽ, മാറ്റ് ഒന്നിന് 2500 രൂപ ക്രമത്തിൽ, സ്ഥാപനത്തിന് തുക അനുവദിക്കുകയാണ് ചെയ്തത്. റബ്ബർ മാറ്റ് ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക, ബിൽ നം./തീയതി | | സബ്സിഡി തുക കൈമാറിയതിന്റെ വിശദാംശം | |
|---|---|---|---|
| 25000 | 29/16.11.19 | 1)അമ്പിളി പി - | 17500 |
| | | അർച്ചന മെഡിക്കൽസ് | 7500 |
| 175000 | 32/13.2.19 | 2)പ്രസന്ന കുമാരി | 17500 |
| | | 3)സുമ | 17500 |
| | | 4)സാറാമ്മ | 20000 |
| | | 5)രാജമ്മ കെ. | 17500 |
| | | 6)ഷേർലി | 17500 |
| | | 7)ഡെയ്സി ബോവസ് | 17500 |
| | | 8)മറിയാമ്മ ജോസ് | 17500 |
| | | | |

| | | | |
|---|---|---|---|
| | | അർച്ചന മെഡിക്കൽസ് | 50000 |
| 50000 | 37/14.3.19 | 9)സുധ എം.എസ് | 20000 |
| | | 10)ലിസി ജോർജ് | 20000 |
| | | അർച്ചന മെഡിക്കൽസ് | 10000 |
| 50000 | 44/21.3.19 | 11)എം.റ്റി ഡാനിയേൽ | 22500 |
| | | 12)ബിന്ദു | 20000 |
| | | അർച്ചന മെഡിക്കൽസ് | 7500 |
| 75000 | 45/21.3.19 | 13)കമലമ്മ | 25000 |
| | | 14)ഉഷ ശ്രീനിവാസൻ | 25000 |
| | | 15)ബിന്ദു ജി. | 20000 |
| | | അർച്ചന മെഡിക്കൽസ് | 5000 |
| 25000 | 47/23.3.19 | 16)സതി സോമരാജൻ | 20000 |
| | | അർച്ചന മെഡിക്കൽസ് | 5000 |

ഗുണഭോക്താവിന് അനുവദിക്കേണ്ട സബ്സിഡി തുകയായ 85000 രൂപ യാതൊരു വാങ്ങൽനടപടിക്രമവും പാലിക്കാതെ സ്വകാര്യ സ്ഥാപനത്തിന് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2) 2018-19 വർഷം തൊഴിലുറപ്പ് പദ്ധതി മുഖേന കാലിത്തൊഴുത്ത് നിർമ്മാണത്തിന് ആനുകൂല്യം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നവീകരണത്തിനായി വെറ്ററിനറി സർജൻ സബ്സിഡി നൽകി. തൊഴിലുറപ്പ് പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പാണ് നവീകരണത്തിന് ആനുകൂല്യം നൽകിയത്.

| | ഗുണഭോക്താവ് | സബ്സിഡി തുക കൈമാറിയത് | റിമാർക്സ് | തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷം ആനുകൂല്യം നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|
| 1 | ലിസി ജോർജ്, ആനക്കല്ലുങ്കൽ (ലിസി ജോസ് എന്ന പേരിലാണ് തൊഴിലുറപ്പ് പദ്ധതി ആനുകൂല്യം നൽകിയത്) | 20000 37/14.3.19 | ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചതായി കാണിച്ച് അസിസ്റ്റന്റ് എൻജിനീയർ നൽകിയ67448 രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് കാലിത്തൊഴുത്ത് നവീകരണ പ്രോജക്ടിനോടൊപ്പം ഹാജരാക്കിയിരിക്കുന്നത്. | എം-ബുക്ക് നമ്പർ 270 പ്രകാരം ആകെ ചെലവഴിച്ചത് --41369 (27/3/19) പ്രവൃത്തി ആരംഭിച്ചത്-05/03/19 |
| 2 | ഡെയ്സ് ബോവസ്, മരുതി വിളയിൽ | 17500 32/13.2.19 | ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചതായി കാണിച്ച് അസിസ്റ്റന്റ് എൻജിനീയർ നൽകിയ53628 രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് കാലിത്തൊഴുത്ത് നവീകരണ പ്രോജക്ടിനോടൊപ്പം ഹാജരാക്കിയിരിക്കുന്നത്. | എം-ബുക്ക് നമ്പർ 275 പ്രകാരം 55150 രൂപ ചെലവഴിച്ചിട്ടുണ്ട്(27/3/19). (പ്രവൃത്തി ആരംഭിച്ചത് --6/3/19) ജിയോ ടാഗ് ചെയ്യുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് എടുത്ത ഫോട്ടോയിൽ ടിയാൾക്ക് കാലിത്തൊഴുത്തില്ല |
| 3 | സുഷമ കോയിക്കലേത്ത് | 25000 02/18-19 തീ.9/8/18 | അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 62000 രൂപയ്ക്ക് കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്ന | 11/3/19-ൽ പൂർത്തീകരിച്ച പ്രവൃത്തിയ്ക്കായി 46865 രൂപ ആകെ ചെലവഴിച്ചു.ജിയോ ടാഗ് ചെയ്യുന്നതിനായി പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് എടുത്ത ഫോട്ടോയിൽ ടിയാൾക്ക് കാലിത്തൊഴുത്തില്ല. |
| | ആകെ | 62500 | | |

അസിസ്റ്റന്റ് എൻജിനീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ജിയോ ടാഗ് ചെയ്തതിന്റെ രേഖകൾ പരിശോധിച്ചത് പ്രകാരവും പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്നത് വ്യക്തമാണ്. കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തിയാകുന്നതിന് മുൻപ് ഗുണഭോക്താക്കൾക്ക് നവീകരണത്തിന് തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ബഹുഭൂരിപക്ഷവും നിർദ്ധനരായ കർഷകരായതിനാലാണ് റബ്ബർ മാറ്റ് വാങ്ങി നൽകിയതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നവീകരണത്തിന് ആനുകൂല്യം നൽകിയത് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 147500 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്ന

സബ്സിഡി തുകയായ 85000 രൂപ ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും 62500 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും വകുപ്പ് തല നടപടികൾ (ജില്ലാ മൃഗ സംരക്ഷണ ഓഫീസർ) സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

# 1-18 കാലിത്തൊഴുത്ത് നവീകരണം( എസ്.സി.പി)-സബ്സിഡി തുക സ്വകാര്യ സ്ഥാപനത്തിന് നൽകി

| | |
|---|---|
| പ്രോജക്ട് | കാലിത്തൊഴുത്ത് നവീകരണം<br>(എസ്.സി.പി) |
| അടങ്കൽ | വികസന ഫണ്ട്(എസ്.സി.പി) |
| | 300000 |
| ചെലവ് | 300000 |

കാലിത്തൊഴുത്ത് നവീകരിക്കുന്നതിനുവേണ്ടിയുള്ള(വളക്കുഴി/മൂത്രത്തൊട്ടി നിർമ്മാണം എന്നിവ ഉൾപ്പടെ) പ്രോജക്ടിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഗുണഭോക്താവിന് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 30000 രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് പ്രകാരം 10 ഗുണഭോക്താക്കൾക്കായി വികസന ഫണ്ടിൽ നിന്നും 300000 രൂപ പിൻവലിച്ചിട്ടുണ്ട്. 250000 രൂപ ഗുണഭോക്താക്കൾക്കും 50000 രൂപ അർച്ചന മെഡിക്കൽസ് എന്ന സ്ഥാപനത്തിനും ആണ് നൽകിയിരിക്കുന്നത്. അർച്ചന മെഡിക്കൽസിൽ നിന്നും ഗുണഭോക്താവ് Rubber cattle mat വാങ്ങിയതായുള്ള ബില്ലിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക അനുവദിക്കുകയാണ് ചെയ്തത്. റബ്ബർ മാറ്റ് ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തുക, ബിൽ നം/തീയതി | | സബ്സിഡി തുക നൽകിയതിന്റെ വിവരം | |
|---|---|---|---|
| 90000 | 6/15.19.18 | 1)ശാന്തമ്മ | 30000 |
| | | 2)ഉമ | 30000 |
| | | 3)സുമ കെ.എൻ | 30000 |
| 30000 | 31/04.2.19 | 4)രതി ഉല്ലാസ് | 22500 |
| | | അർച്ചന മെഡിക്കൽസ് | 7500 |
| 30000 | 34/8.3.19 | 5)പ്രസന്നൻ | 25000 |
| | | അർച്ചന മെഡിക്കൽസ് | 5000 |
| 30000 | 49/23.3.19 | 6)സത്യൻ | 22500 |
| | | അർച്ചന മെഡിക്കൽസ് | 7500 |
| 60000 | 51/27.3.19 | 7)രജനി രാജൻ | 22500 |
| | | 8)ഓമന എസ് | 22500 |
| | | അർച്ചന മെഡിക്കൽസ് | 15000 |
| 60000 | 52/27.3.19 | 10)സുനിത എൻ | 22500 |
| | | 11) ബീന | 22500 |
| | | അർച്ചന മെഡിക്കൽസ് | 15000 |
| | | ആകെ | 300000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഗുണഭോക്താവിന് അനുവദിക്കേണ്ട സബ്സിഡി തുകയായ 50000 രൂപ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ സ്വകാര്യ സ്ഥാപനത്തിന് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് വകുപ്പ് തല നടപടികൾ (ജില്ലാ മൃഗ സംരക്ഷണ ഓഫീസർ) സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-ടെണ്ടർ നടപടികളിൽ ക്രമക്കേട്

| | | |
|---|---|---|
| പ്രോജക്ട് | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, 196/19 | |
| അടങ്കൽ | വികസന ഫണ്ട് | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| | 150000 | 250000 |
| ചെലവ് | 150000<br>--------------------<br>75000 (46/19-23/3/19)<br>75000(50/19-27/3/19) | 250000, 10/19-22/9/18 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2.5 ലക്ഷം രൂപ വകയിരുത്തി ടെണ്ടർ മുഖേന മൃഗാശുപത്രിയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് ഫയലിൽ നൈസ് വെറ്ററിനറി അസോസിയേറ്റ്സ് നിലമേൽ, ഷിഫ ഫാർമ ചങ്ങനാശ്ശേരി, സാന്ത്വനം കമ്മ്യൂണിറ്റി ഫാർമസി, കോട്ടയം എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകളുണ്ട്. ഷിഫ ഫാർമ, സാന്ത്വനം കമ്മ്യൂണിറ്റി ഫാർമസി എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ ഗ്രാമപഞ്ചായത്തിന്റെ സീൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് (ടെണ്ടർ ഫോം സ്റ്റോക്ക്/വിതരണ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല). നൈസ് വെറ്ററിനറി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറും പ്രോജക്ട് ഫയലിലുണ്ട്. ഈ ടെണ്ടറാണ് അംഗീകരിച്ചിരിക്കുന്നത് എങ്കിലും ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവ പഞ്ചായത്തിലൊടുക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിൽ ഗ്രാമപഞ്ചായത്തിന്റെ സീൽ രേഖപ്പെടുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും വെറ്ററിനറി സർജന് നൽകിയ 9840 എന്ന രസീത് ബുക്ക് പരിശോധിച്ചതിൽ നൈസ് വെറ്ററിനറി അസോസിയേറ്റ്സ് എന്ന സ്ഥാപനം ടെണ്ടർ ഫീസ് ഇനത്തിൽ 236 രൂപയും ഇ.എം.ഡി ഇനത്തിൽ 2500 രൂപയും യഥാക്രമം 5/9840- 09.08.2018), 7/9840-13.08.2018 എന്നീ രസീതുകൾ പ്രകാരം ഒടുക്ക് വരുത്തിയിട്ടുണ്ട്. കൂടാതെ കെയർ ഫാർമ, തിരുവനന്തപുരം എന്ന സ്ഥാപനവും 6/9840-10.08.2018), 8/9840(തീയതി രേഖപ്പെടുത്തിയിട്ടില്ല) എന്നീ രസീതുകൾ പ്രകാരം ടെണ്ടർ ഫീസ് ഇനത്തിൽ 236 രൂപയും ഇ.എം.ഡി ഇനത്തിൽ 2500 രൂപയും ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ ടി രസീതുകൾ പ്രകാരം വെറ്ററിനറി ഓഫീസിൽ വരവ് വന്ന 5472 രൂപ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ല. കെയർ ഫാർമ, തിരുവനന്തപുരം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറും ഫയലിലില്ല. ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ഈ സ്ഥാപനത്തിന്റെ നിരക്കുകൾ ഉൾപ്പെട്ടിട്ടുമില്ല. നൈസ് വെറ്ററിനറി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളും സപ്ലൈ ഓർഡർ നൽകിയത് സംബന്ധിച്ച രേഖകളും ഫയലിലില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും നൈസ് വെറ്ററിനറി അസോസിയേറ്റ്സും തമ്മിലുള്ള എഗ്രിമെന്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. 22/9/18-ൽ സ്ഥാപനത്തിന് ബിൽ തുകയായ 2.5 ലക്ഷം രൂപ കൈമാറിയെങ്കിലും 22/3/19-ൽ മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്(20000, 118020102395/22.3.19)

2)വികസന ഫണ്ടിൽ നിന്നും 1.5 ലക്ഷം രൂപ കൂടി വകയിരുത്തി പ്രോജക്ട് റിവൈസ് ചെയ്യുകയും നൈസ് വെറ്ററിനറി അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് നിന്നു തന്നെ ടി തുക കൈമാറുകയും ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വെറ്ററിനറി ആശുപത്രികളിലേക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് ആയത് വാങ്ങാൻ പ്രോജക്ട് ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ 4 ലക്ഷം രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയെങ്കിലും വകുപ്പിൽ നിന്നും നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

3) മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിൽ ഹാജരാക്കിയ രജിസ്റ്ററിലെ പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിലെ 11 മുതൽ 85 വരെയുള്ള പേജുകളിലായി നൈസ് വെറ്ററിനറി അസോസിയേറ്റ്സിന്റെ 510/18.09.18 ജി.എസ്.റ്റി ഇൻവോയ്സ് പ്രകാരമുള്ള 2.5ലക്ഷം രൂപയുടെ മരുന്നുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 18/09/18-ൽ മരുന്നുകൾ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്ത തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം മരുന്നുകൾ ഒന്നും തന്നെ നീക്കിയിരിപ്പില്ല.

നൈസ് വെറ്ററിനറി അസോസിയേറ്റ്സിന്റെ 599/21.03.19 (ബിൽ തുക-75691), 594/19.03.19 (75234/) എന്നീ ജി.എസ്.റ്റി ഇൻവോയ്സുകൾ പ്രകാരം 150000 രൂപ വികസന ഫണ്ടിൽ നിന്നും 45/19 തീ.23/3/19, 49/19 തീ.23/3/19 എന്നീ ബില്ലുകൾ പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 12.22,12.23 എന്നിവ അനുസരിച്ച് മരുന്ന് സ്റ്റോക്കിലെടുത്തതിന് ശേഷമേ ബിൽ പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകുവാൻ പാടുള്ളൂ. സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ 1.5 ലക്ഷം രൂപയുടെ മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൃഗാശുപത്രിയ്ക്കാവശ്യമായ മരുന്ന് വാങ്ങുന്നതിന് ആവിഷ്കരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേട് ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ(ജില്ലാ മൃഗ സംരക്ഷണ ഓഫീസർ) വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-20 റ്റി.എസ്.പി ഫണ്ട് വകമാറ്റി ചെലവഴിച്ചു

| | വികസന ഫണ്ട്(ജനറൽ) | റ്റി.എസ്.പി. | തനത് ഫണ്ട് | ആകെ |
|---|---|---|---|---|
| അടങ്കൽ | 2000 | 88200 | 5800 | 96000 |
| ചെലവ് | 2000 | 88200 | 5800 | 96000 |
| | 39/19-21.3.19 | 1/19 20/7/19, 38/21.3.19 | 408/15.3.19 | |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നിർവ്വഹിച്ച ആട് വളർത്തൽ(പട്ടിക വർഗ്ഗം) എന്ന പ്രോജക്ടിന്റെ ഭാഗമായി 6 പേർക്ക് 2 ആടുകൾ വീതം 16000 രൂപയ്ക്ക് ഗുണഭോക്തൃ സമിതി മുഖേന വാങ്ങി നൽകിയിട്ടുണ്ട്. സുബൈദാ ബീവി (സജീനാ മൻസിൽ, കൊട്ടിയം), രേഖ (തോട്ടുങ്കൽ, തണ്ണിത്തോട്) എന്നിവരിൽ നിന്നും 6 ആടിനെ വീതമാണ് വാങ്ങി നൽകിയത്. നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I)ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കിയില്ല.

1)പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

| | ഗുണഭോക്താവ് | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രകാരം |
|---|---|---|
| 1 | ഭവാനി, തേക്കുമൂട്ടിൽ | എസ്.സി, ഹിന്ദു-കുറവ |
| 2 | ഉഷ പി.ആർ, പുത്തൻ പുരയിൽ | എസ്.സി, ഹിന്ദു-കുറവ |
| 3 | രാധാദേവി, പുത്തൻ പുരയ്ക്കൽ | എസ്.സി, ഹിന്ദു-കുറവ |

2)പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ വിമല, മുക്കടപ്പുഴ മുരപ്പേൽ, മല്ലിക, പുത്തൻ പുരയ്ക്കൽ എന്നിവർ അപേക്ഷയിൽ പട്ടികജാതി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

II) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ഗുണഭോക്തൃലിസ്റ്റിൽ ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കളായി വാർഡ് 2-ൽ രണ്ട് പേരും വാർഡ് 9-ൽ 3 പേരുമാണുള്ളത്. എന്നാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ആറ് ഗുണഭോക്താക്കളിൽ വിമല, മുക്കടപ്പുഴ മുരുപ്പേൽ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. മറ്റുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഊരുകൂട്ടത്തിന്റെ മിനിട്ട്സിലും ഇവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

| | സബ്സിഡി നൽകിയ ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ഭവാനി, തേക്കുമൂട്ടിൽ |
| 2 | സീത ആർ, സുബീഷ് ഭവനം, മണ്ണീറ(കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രകാരം എസ്.റ്റി വിഭാഗം) |
| 3 | ഉഷ പി.ആർ, പുത്തൻ പുരയിൽ |
| 4 | രാധാദേവി, പുത്തൻ പുരയ്ക്കൽ |
| 5 | മല്ലിക പുത്തൻ പുരയ്ക്കൽ |

III)സബ്സിഡി മാർഗ്ഗരേഖ [ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ 14/2/18] പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് ആടിന്റെ വിലയുടെ 75% സബ്സിഡിയ്ക്കാണ് അർഹതയുള്ളത്. എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 100% സബ്സിഡിയ്ക്ക് അർഹതയുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം 21 പട്ടിക വർഗ്ഗ കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയാണ് ഉണ്ടായത്. അർഹമായ ആനുകൂല്യങ്ങൾ പോലും പട്ടിക വർഗ്ഗ വിഭാഗത്തിന് നിഷേധിക്കുകയാണെന്ന് ഊരുകൂട്ട മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടുണ്ട്.

IV) ആടിനെ നൽകിയ സുബൈദാ ബീവി, രേഖ എന്നിവരുടെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിരിക്കുകയാണ്. ശ്രീമതി സുബൈദാ ബീവിയുടെ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

V) രതി രാജൻ(ആദിത്യാ ഭവൻ), ഓമന(വലിയ കാലായിൽ), സുധ (പുതുപ്പറമ്പിൽ), ശോഭ കൊച്ചു തടത്തിൽ എന്നിവരാണ് ആടുകളെ വാങ്ങുന്നതിനുള്ള ഗുണഭോക്തൃ സമിതിയിലുൾപ്പെട്ടിരുന്നത്. എന്നാൽ ഇവരൊന്നും തന്നെ പ്രോജക്ടിന്റെ ഗുണഭോക്താക്കളല്ല.

പട്ടിക വർഗ്ഗക്കാർക്കായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(13/2.2.2020) മറുപടിയായി പദ്ധതി നിർവ്വഹണ സമയത്തെ തിരക്ക് മൂലം രേഖകൾ പരിശോധിക്കുവാൻ കഴിഞ്ഞില്ലെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അടിസ്ഥാന രേഖകൾ പോലും പരിശോധിക്കാതെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും ചെലവഴിച്ച 96000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റ്റി.എസ്.പി ഫണ്ട് എസ്.സി വിഭാഗക്കാർക്കായി വകമാറ്റി ചെലവഴിച്ചതിന് പരിഹാര വകയിരുത്തൽ നടത്തി റ്റി.എസ്.പി വിഭാഗക്കാർക്കായി പ്രോജക്ട് ആവിഷ്കരിക്കേണ്ടതും ഗുണഭോക്തൃ വിഹിതമായി എസ്.സി. വിഭാഗത്തിലുള്ള ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട തുക വെറ്ററിനറി സർജനിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

# 1-21 ക്ഷീരകർഷകർക്ക് അധികതുക ഇൻസെന്റീവ് നൽകി

| ക്രമ.നം. | പ്രോജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| 1 | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി S0191/19 | വികസന ഫണ്ട് | 1000000 | ബിൽ നം.1/21.08.18 | 349048 |
| | | | | ബിൽ നം.2/13.09.18 | 75359 |
| | | | | ബിൽ | 93173 |

| | | | | | |
|---|---|---|---|---|---|
| | | | | നം.3/15.10.18 | |
| | | | | ബിൽ നം.4/19.11.18 | 95782 |
| | | | | ബിൽ നം.5/27.12.18 | 88804 |
| | | | | ബിൽ നം.6/22.01.19 | 103160 |
| | | | | ബിൽ നം.7/22.01.19 | 49003 |
| | | | | ബിൽ നം.8/18.03.19 | 85701 |
| | | | | ബിൽ നം.9/18.03.19 | 59970 |
| | | | | ആകെ | 1000000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 400000 | ചെക്ക് നം.2188131/21.03.19 | 84180 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | - | - |
| | | **ആകെ** | **1900000** | **ആകെ** | **1084180** |

ഓഡിറ്റ് വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് 1900000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. മണ്ണീറ, തണ്ണിത്തോട്, കരിമാൻതോട് എന്നീ ക്ഷീര സഹകരണ സംഘങ്ങളിൽ പാല് നൽകിയ കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് 1084180 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.22/2018/തസ്വഭവ തീ:14.02.2018) പ്രകാരം ഒരു ക്ഷീരകർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി ഇൻസെന്റീവ് തുക 40000രൂപയാണ്. എന്നാൽ കരിമാൻതോട് ക്ഷീര സഹകരണ സംഘത്തിൽ പാല് നൽകിയ തുളസീഭായി, കാവുങ്കൽ, ഷീജ അനിൽ, പാറയ്ക്കൽ എന്നിവർക്ക് യഥാക്രമം 47634, 43438 രൂപ വീതം ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. ആകെ 11072 (7634+3438) രൂപ അധികമായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നല്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ഇൻസെന്റീവ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (11/29.02.19) നൽകിയിരുന്നു. ക്ലറിക്കൽ പിശക് മൂലം സംഭവിച്ചു പോയതാണെന്നും തങ്ങൾക്ക് അധികമായി ലഭിച്ച തുക തിരികെ അടയ്ക്കാൻ ടി ഗുണഭോക്താക്കൾ സന്നദ്ധരാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി അനുവദിച്ച ഇൻസെന്റീവ് തുക അടിയന്തിരമായി തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കു വരുത്തേണ്ടതാണ്. ആയതിൽ വീഴ്ച്ചയുണ്ടാകുന്നപക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-22 കിണർ റീചാർജിംഗ് പദ്ധതിയ്ക്ക് നിർവ്വഹണ ഏജൻസിയുടെ കൈവശം അധികം നിൽക്കുന്ന തുക സർക്കാർ ഫണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം.203/19 കിണർ റീചാർജിംഗ് |
| അടങ്കൽ തുക | 867262 (വികസനഫണ്ട്-- പൊതു വിഭാഗം) |
| ചെലവഴിച്ച തുക | 180800 |
| ബിൽ നം/തീയതി | 1) 18051052013900968821/20.12.18-- Rs. 8000 |

| | |
|---|---|
| | (ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയത്)<br>2) 18051052013901304017/06.03.19-- Rs. 172800 |

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) മുണ്ടൂർ, പാലക്കാട് എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന ഗ്രാമപഞ്ചായത്തിലെ 108 ഗുണഭോക്താക്കൾക്ക് കിണർ റീചാർജ് ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിരുന്നത്. 16.02.2019-ൽ ഐ.ആർ.ടി.സി.-പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുമായി കരാർ ഉടമ്പടി ഒപ്പുവച്ചു. കരാർ ഉടമ്പടി പ്രകാരം ആകെ അടങ്കൽ തുകയുടെ 20% 172800 രൂപ അഡ്വാൻസായി നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 21 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഈ ഏജൻസി മുഖേന കിണർ റീചാർജിംഗ് നടത്തിയിട്ടുള്ളത്. ആയത് പ്രകാരം 8000 രൂപ വീതം 168000 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. അഡ്വാൻസ് തുകയിൽ ബാക്കി നിൽക്കുന്ന 4800 രൂപ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കി സർക്കാർഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ 108 പേർക്ക് ആനുകൂല്യം നൽകാൻ ആവിഷ്കരിച്ച പദ്ധതി പൂർത്തിയാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 അഗതി രഹിത കേരളം - പദ്ധതി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിൽ പിഴവ്

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 31/2019, അഗതി ആശ്രയ പദ്ധതി |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 1000000 |
| ബിൽ നമ്പർ, തുക | 1000000, /2018-19/ 26.06.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

31/2019-ാം നമ്പർ പ്രോജക്ട് പ്രകാരം 26.06.2018 ൽ 10 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക സി.ഡി.എസ്സിന്റെ തനത് ഫണ്ടിലേക്കാണ് (4044101010002336) ക്രഡിറ്റ് ചെയ്യുവാൻ നൽകിയിരുന്നത്. എന്നാൽ 27.06.2018ൽ ക്രഡിറ്റ് സ്റ്റാറ്റസിൽ "Return - Scheme not Found" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി. അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി തുക ക്രഡിറ്റ് വന്നതിന്റെ വിശദാംശങ്ങൾ രേഖാ മൂലം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/04.03.2020) ലഭ്യമാക്കിയ മറുപടിയിൽ ടി തുക അക്കൗണ്ട് നമ്പറിലെ പിശക് കാരണം നാളിതുവരെ ട്രഷറിയിൽ നിന്നും കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയിരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. 05.03.2020ൽ സാംഖ്യാ വെബ്ബിലുള്ള പ്രസ്തുത പിഴവ് പരിഹരിച്ചതായും ടി തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് വരവ് വയ്ക്കുന്ന മുറയ്ക്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതിക്കായി 19.03.2019ൽ 40742101009406-ാം നമ്പരായി കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. മേൽ തുക ടി.അക്കൗണ്ടിലേക്ക് മാറ്റേണ്ടതും പാസ്സ് ബുക്ക് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കേണ്ടതുമാണ്.

പദ്ധതികൾക്കായി തുകകൾ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുമ്പോൾ കൃത്യമായി വരവ് വന്നിട്ടുണ്ടോയെന്ന് നിർവ്വഹണോദ്യോഗസ്ഥനും കുടുംബശ്രീ ഉദ്യോഗസ്ഥരും പരിശോധിക്കാത്തതിനാലാണ് ഇപ്രകാരം പിഴവുണ്ടായത്. തന്മൂലം അഗതിരഹിത കേരളം പദ്ധതിക്കായി ഓഡിറ്റ് വർഷത്തിൽ പ്രസ്തുത തുക പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ഏകദേശം 2 വർഷത്തോളമാണ് തുക ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിച്ചത്. ടി വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പി.എച്ച്.സി.യ്ക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

2018-19 സാമ്പത്തികവർഷം പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

ലിമിറ്റഡിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0079/19) | 150000 | 129551 | 20449 |
| 2 | പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.S0008/19) | 179120 | 127744 | 51376 |

മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-25 ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഫണ്ട് ലാപ്സാക്കി

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S0005/19 | 500000 (വികസന ഫണ്ട്- 400000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000) | വികസന ഫണ്ട് | 275100 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 84000 |
| | | ആകെ | 359100 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 500000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ആകെ 359100 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയ്ക്ക് വേണ്ടി വകയിരുത്തിയ തുകയിൽ 140900 രൂപ ചെലവഴിച്ചിട്ടില്ല. ആയതിൽ വികസന ഫണ്ടായ 124900 തുക ലാപ്സാകുകയും ചെയ്തു. ആകെയുള്ള 26 ഗുണഭോക്താക്കളിൽ 8 പേർക്ക് മാത്രമാണ് 2018-19-ൽ അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള 18 പേർക്ക് 2018-19-ൽ ഭാഗികമായി തുക അനുവദിക്കുകയും ശേഷിച്ച തുക സ്പിൽ ഓവർ പ്രോജക്ടായി 2019-20-ൽ അനുവദിച്ച നൽകുകയുമാണുണ്ടായത്. സ്പിൽ ഓവർ പ്രോജക്ടിനായി 2019-20-ൽ 124400 രൂപ ചെലവഴിച്ചിട്ടുണ്ട്.

2018-19-ൽ പദ്ധതിയ്ക്ക് വേണ്ടി വകയിരുത്തിയ തുകയിൽ 140900 രൂപ ലഭ്യമായിരുന്നിട്ടും സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് വീഴ്ചയുണ്ടായി. വികസന ഫണ്ട് ലാപ്സായതുമൂലം പദ്ധതി സ്പിൽ ഓവറാക്കുകയും തൻമൂലം 2019-20-ൽ ചെലവഴിക്കേണ്ട 124400 രൂപ 2018-19 ലെ ബാക്കി ആനുകൂല്യം വിതരണം ചെയ്യുന്നതിന് വിനിയോഗിക്കേണ്ടതായും വന്നു. 2019-20-ലെ സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യാൻ പര്യാപ്തമായ ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 കാഡ്ക്കോയിൽ നിന്നും ഫർണ്ണിച്ചർ - ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം. | 285/2019 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ | 20620(20100-ടി.എസ്.പി ഫണ്ട്+520-സാധാരണ വിഹിതം) |

| | |
|---|---|
| ചെലവ് തുക | 19999 |
| ബിൽ നം./തീയതി | 338/27.02.2019 |

പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 5.11.2018 ൽ കാഡ്‌ക്കോയിൽ നിന്നും സ്റ്റീൽ സ്റ്റഡി ടേബിൾ, സ്റ്റീൽ സ്റ്റഡി ചെയർ എന്നിവയ്ക്ക് എസ്റ്റിമേറ്റ് വാങ്ങുകയും കമ്മിറ്റിയുടെ 24.12.2018ലെ 8(8)-ാം നമ്പർ തീരുമാന പ്രകാരം ആയത് അംഗീകരിക്കുകയും 4 വീതം മേശ, കസേര എന്നിവ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് (Tax invoice No.99/14.02.2019). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫർണ്ണീച്ചർ | നിരക്ക് | ജി.എസ്സ്.ടി(18%/) | ആകെ |
|---|---|---|---|---|
| 1 | Steel Study Table of Size 36"*18"*30 | 3287 | 592 | 3879 |
| 2 | Steel Study Chair | 950 | 171 | 1121 |

20.10.2018 മുതൽ 19.10.2019 വരെയുള്ള കാലയളവിൽ കാഡ്‌ക്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ സ്റ്റീൽ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് 42/2018/SPD തീയതി 03.10.2018-ാം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതിയിൽ ജി.ഒ 59/2017/SPD തീയതി 20.10.2017 ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫർണ്ണീച്ചറുകൾക്കാണ് ടെണ്ടർ നടപടികളിൽ ഇളവുള്ളതെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ പട്ടികയിലെ സ്പെസിഫിക്കേഷനും നിരക്കുകളുമുള്ള ഫർണ്ണീച്ചറുകൾ അനുബന്ധത്തിലുൾപ്പെടുത്തിയ ഫർണ്ണീച്ചർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി. ഫർണ്ണീച്ചറുകൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങേണ്ടിയിരുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/04.03.2020) നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിന്മേൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

2018-19-ൽ ലൈഫ് ഭവനപദ്ധതിയുടെ രണ്ടാംഘട്ട പട്ടികയിൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക | എഗ്രിമെന്റ് തീയതി |
|---|---|---|
| വിനോദ്കുമാർ കെ.എസ്.<br>മുണ്ടൻകാവുങ്കൽ<br>പൂച്ചക്കുളം | 200000/- | 05/07/2018 |
| ജോസഫ് &പങ്കജാക്ഷി<br>പാലവിള വീട്<br>പൂച്ചക്കുളം | 40000/- | 22/06/2018 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്.

## 1-28 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച 54.15 ലക്ഷം രൂപയുടെ പൂർത്തീകരണ രേഖകളില്ല

ഗ്രാമപഞ്ചായത്ത് 2016-17, 2017-18, 2018-19 വർഷങ്ങളിൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 5414898 രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 2016-17 | | |
| കെ.എസ്.ഇ.ബി | ലക്ഷം വീട് കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>(26/17) | 31500 |
| വാട്ടർ അതോറിറ്റി | മേക്കണ്ണം ഇടക്കണ്ണം ഭാഗം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (83/17) | 229000 |
| കെ.എസ്.ഇ.ബി | 1,2,5,6,10 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 222075 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ | 826800 |
| 2017-18 | | |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ (13/18) | 82000 |
| | അങ്കണവാടി കുടിവെള്ള സൗകര്യം അധിക തുക നൽകൽ (230/18) | 212400 |
| | മണ്ണീറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (12/18) | 200000 |
| | മാലപ്പടി ഭാഗം പൈപ്പ് ലൈൻ നീട്ടൽ (16/18) | 50000 |
| 2018-19 | | |
| കെ.എസ്.ഇ.ബി. | കറുകപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 25/19 | 35400(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>177000(ബ്ലോക്ക് വിഹിതം) |
| | സ്ട്രീറ്റ്ലൈൻ നീട്ടൽ(വാർഡ് 2),29/19 | 147500(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | ഹൈസ്കൂൾ ജംഗ്ഷൻ-മേലേ പൂച്ചക്കുളം റോഡിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ(വാർഡ് 3), 33/19 | 48100(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>300000 (ബ്ലോക്ക് വിഹിതം) |
| | താഴെ പൂച്ചക്കുളം മുരുപ്പേൽപ്പരമ്പിൽ പടി സ്ട്രീറ്റ് ലൈൻ നീട്ടൽ, 35/19 | 47200(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>299720(ബ്ലോക്ക് വിഹിതം) |
| | ആനക്കല്ലുങ്കൽപ്പടി സ്ട്രീറ്റ്ലൈൻ നീട്ടൽ, 38/19 | 94400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | തേക്ക്തോട് മാർക്കറ്റ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ, 39/19 | 94400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | തണ്ണിത്തോട് അള്ളുങ്കൽ കിഴക്കേതിൽപ്പടി മുതൽ തേക്കുകുട്ടത്തിൽപ്പടി വരെ ലൈൻ എക്സ്റ്റൻഷൻ,44/19 | 94400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | | |
|---|---|---|
| | ഏഴാന്തല കല്ലുപുറത്ത് വിളയിൽപ്പടി മുതൽ തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 42/19 | 342200(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | വി.കെ.പാറ റോഡിൽ ഓമല്ലൂർപടി പ്ലാന്റേഷൻ റോഡ് തെരുവ് വിളക്ക് ലൈൻ നീട്ടൽ, 46/19 | 94400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | തണ്ണിത്തോട് മൂഴി പ്ലാന്റേഷൻ കെ.കെ.പാറ റോഡിൽ ഐരാട്ട് പടി പ്ലാന്റേഷൻ റോഡ് തെരുവ് വിളക്ക് ലൈൻ നീട്ടൽ, 49/19 | 94400 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | പട്ടേരിപ്പടി റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, 53/19 | 50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | എലിമുള്ളുംപ്ലാക്കൽ-തണ്ണിത്തോട് മൂഴി സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ, 64/19 | 696525(വികസന ഫണ്ട്) |
| | മൂർത്തിമൺ റോഡ് തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 218/19 | 99828 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ, 219/19 | 101650 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| | മണ്ണീറ തലമാനം വടക്കേക്കര കോളനി റോഡ് തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 220/19 | 10000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| വാട്ടർ അതോറിറ്റി | മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 600000( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ഭൂജല വകുപ്പ് | പുതിയ പഞ്ചായത്ത് ഓഫീസ്-കുഴൽക്കിണർ നിർമ്മാണം | 134000 |
| ആകെ | | **5414898** |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് 2018-19 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ ആവിഷ്കരിച്ചത്. മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ എന്ന പ്രവൃത്തിയ്ക്ക് വാട്ടർ അതോറിറ്റിയിൽ 6 ലക്ഷം രൂപ നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൈമാറിയത്. കെ.എസ്.ഇ.ബിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും നം/തീയതി രേഖപ്പെടുത്താത്ത കരാർ ഉടമ്പടിയിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി, പൂർത്തീകരിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 പി.എച്ച്.സിക്ക് വനിതാ ടോയ്‌ലറ്റ്-പദ്ധതി നിർവ്വഹണത്തിലെ പിഴവുകൾ

| | |
|---|---|
| പ്രോജക്ട് നം. | 261/2018-19 |
| പ്രോജക്ടിന്റെ പേര് | തണ്ണിത്തോട് പി.എച്ച്.സി വനിതാ ടോയ്‌ലറ്റ് |
| അടങ്കൽ | 400000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | |

| | |
|---|---|
| ചെലവ് തുക | 349233 |
| ബിൽ നം/ തീയതി | 64/31.07.2018 |
| കരാറുകാരൻ | ശീമോൻ.എം |

പി.എച്ച്.സിക്ക് വനിതാ ടോയ്‌ലറ്റ് എന്ന പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ യഥാസമയം കരാർ ചമച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.
- 21.02.2017ൽ കരാർ ചമച്ചിട്ടുണ്ടെങ്കിലും ആരൊക്കെ തമ്മിലാണ് കരാർ ചമച്ചത് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ വ്യവസ്ഥകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.
- ഭൗതിക പരിശോധനയിൽ ടാപ്പുകൾ ഘടിപ്പിക്കാതെയും വാട്ടർ കണക്ഷൻ നൽകുകയും ചെയ്യാതെയാണ് പ്ലംബിംഗ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ആയതിനാൽ ടോയ്‌ലെറ്റ് ഉപയോഗയോഗ്യമല്ല. ഇപ്പോൾ ടോയ്‌ലറ്റിൽ പഴയ ബെഡ്ഡുകൾ, കാർഡ് ബോർഡ് പെട്ടികൾ എന്നിവ കൂട്ടിയിട്ടുള്ളതിനാൽ ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. പ്രവൃത്തി അതിന്റെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.
- പ്രസ്തുത പ്രവൃത്തി യഥാസമയം മോണിട്ടറിംഗ് നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 17/03.03.2020-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ടാപ്പുകൾ ഘടിപ്പിക്കാത്തതും വാട്ടർ കണക്ഷൻ നൽകാത്തതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സെലക്ഷൻ നോട്ടീസ്, കരാർ വ്യവസ്ഥകൾ എന്നിവ ഫയലിൽ കൃത്യമായി സൂക്ഷിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ടോയ്‌ലറ്റ് ഉപയോഗപ്രദമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-30 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്-പ്രവൃത്തി പൂർത്തീകരിച്ചിട്ടും മുൻകൂർ ക്രമീകരിച്ചിട്ടില്ല

പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നെറ്റ് വർക്കിംഗ് നടത്തുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് (67/19) പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള 160000 രൂപ പി.ഡബ്ല്യൂ.ഡി.ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഒടുക്കിയിരുന്നു (38/13.11.18). 12.5% സെന്റേജ് ചാർജ് കണക്കാക്കിയാണ് നെറ്റ് വർക്കിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2012-ലെ പരിഷ്കരിച്ച പി.ഡബ്ല്യൂ.ഡി. മാനവൽ അനുസരിച്ച് ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജികൾ 10% സെന്റേജ് ചാർജ് അടച്ചാൽ മതിയാകുന്നതാണ്(അധികം നൽകിയത്-2339). എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന കേബിളിംഗുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ പഞ്ചായത്ത് ഓഫീസിന്റെ വയറിംഗ് ജോലികളുടെ ഭാഗമായി ചെയ്തിട്ടുള്ളതായി പി.ഡബ്ല്യൂ.ഡി അസിസ്റ്റന്റ് എൻജിനീയറുടെ 26/08/19-ലെ ESP/LAN/10/18 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും ടി ഇനങ്ങൾ ഒഴിവാക്കി ഫൈനൽ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. സെന്റേജ് ചാർജ് ഇനത്തിൽ അധികം തുക ഒടുക്കിയത് ഇലക്ട്രോണിക്സ് ഡിവിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-31 വൃദ്ധർക്ക് പകൽ വീട്-ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടിയിരുന്ന പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം. | 266/2018-19 |
| പ്രോജക്റ്റിന്റെ പേര് | വൃദ്ധർക്ക് പകൽ വീട് |
| | |

| | |
|---|---|
| അടങ്കൽ | 600000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് തുക | 484218 |
| ബിൽ നം/തീയതി | 50/11.07.2018 |
| കരാറുകാരൻ | രാജേന്ദ്രൻ കെ.എൻ |

ടി. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ, റീ ടെണ്ടർ എന്നിവ നടത്തിയത് സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്ററിലും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ/റീ ടെണ്ടർ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 600000 രൂപ അടങ്കലുള്ള പദ്ധതിയുടെ നിർവ്വഹണം ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടിയിരുന്നു. ടെണ്ടർ, റീ ടെണ്ടർ എന്നിങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിക്കുവാനുണ്ടായ കാരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടിയായി ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ലെന്നും റീ ടെണ്ടർ വിളിച്ചതിന്റെ രേഖകൾ 2016-17 വർഷത്തെ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുമാണ്. ഇ-ടെണ്ടർ പ്രൊഫൈലിലെ സാങ്കേതിക തകരാർ കാരണം ഇ-ടെണ്ടർ നടപ്പാക്കാനും കഴിഞ്ഞിട്ടില്ല എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രജിസ്റ്ററിൽ റീ-ടെണ്ടർ എന്ന് ചുവന്ന മഷിയാൽ എഴുതിയിട്ടുള്ളതൊഴിച്ച് റീ ടെണ്ടർ നടന്നത് സംബന്ധിച്ച യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കമ്മിറ്റി തീരുമാനമുൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടില്ല. ടി കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടാകാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 തണ്ണിത്തോട് പി.എച്ച്.സിയ്ക്ക് മെയിന്റനൻസ്-പഴയ മേൽക്കൂര ലേലം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | 250/2018-19 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയ്ക്ക് മെയിന്റനൻസ് |
| അടങ്കൽ | 600000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് തുക | 558566 |
| ബിൽ നം/തീയതി | 235/13.12.2018 |
| കരാറുകാരൻ | എം.രാജശേഖരൻ നായർ |

പി.എച്ച്.സി മെയിന്റനൻസ് പ്രോജക്ടുമായി ബന്ധപ്പെട്ട് പഴയ മേൽക്കൂരയുടെ ഓടും കഴുക്കോലുകളും ലേലം ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി 14.05.2018 ൽ 2-ാം നമ്പരായി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. ആയതിന്റെ നിലവിലെ സ്ഥിതി എൻക്വയറി മുഖേന അന്വേഷിച്ചതിൽ 26.12.2019 ൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല എന്നാണ്. ആയത് അടിയന്തിരമായി ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതാണ്.

## 1-33 അലോട്ട്മെന്റിൽ നിന്നും കുടിശ്ശിക കുറവ് ചെയ്തത് ബില്ലിൽ കുറവ് ചെയ്തിട്ടില്ല

സ.ഉ(സാധാ.) നം.9858/2018/ധന തീ.29/11/18 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്ത പൊതു വിഭാഗം വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്നും വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ 22856 രൂപയും ഇലക്ട്രിസിറ്റി ചാർജ് കുടിശ്ശിക ഇനത്തിൽ 1037 രൂപയും കുറവ് ചെയ്തിരുന്നു. പ്രാദേശിക സർക്കാരുകൾ കേരള ജല അതോറിറ്റിയ്ക്കും കെ.എസ്.ഇ.ബി-യ്ക്കും അടയ്ക്കാനുള്ള കുടിശ്ശിക തുകയുടെ 25% തുകയാണ് ടി ഉത്തരവ് പ്രകാരം തിരിച്ചു പിടിച്ചത്. ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഒടുക്കാനില്ല. അലോട്ട്മെന്റിൽ നിന്നും തുക കുറവ് ചെയ്തെങ്കിലും ഇത് സംബന്ധിച്ച തുടർനടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിനോ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കോ വാട്ടർ ചാർജ്/ ഇലക്ട്രിസിറ്റി ചാർജ്

ഇനത്തിൽ കുടിശ്ശിക ഒടുക്കാനുണ്ടായിരുന്നെങ്കിൽ ആയതിന്റെ വിവരവും കുടിശ്ശിക ഇല്ലാതെയാണ് ഇപ്രകാരം തുക കുറവ് ചെയ്തതെങ്കിൽ ഈ തുക പിന്നീടുള്ള ബില്ലുകളിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/26.2.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ വാട്ടർ ചാർജ് /വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 03.07.2019 | നം :കെ.എസ്.എ.പി.റ്റി.എ. പി3/602(40)/19 തീയതി : 01.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 100000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 84000 | 16000 |
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 200000 | കറുകപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്(വാർഡ്-13) | 177000 | 23000 |
| ബ്ലോക്ക് | 2018- | 300000 | ഹൈസ്കൂൾ ജംഗ്ഷൻ | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് കോന്നി | 19 | | മേലേ പൂച്ചക്കുളം റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(വാർഡ്-3) | | |
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 300000 | താഴെ പൂച്ചക്കുളം റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(വാർഡ്-3) | 299720 | 280 |
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 1637450 | ലൈഫ്-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം(ജനറൽ) | 1637450 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 888989 | | 888989 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 747450 | ലൈഫ്-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം(എസ്.സി.പി) | 747450 | 0 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 2018-19 | 388267 | | 388267 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കോന്നി | 2018-19 | 400000 | 08/2019-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 84180 | 315820 |
| ജില്ലാ പഞ്ചായത്ത് പത്തനംതിട്ട | 2018-19 | 500000 | | 0 | 500000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 105704 | 94296 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | സുഫലം-കിഴങ്ങ് കൃഷി വ്യാപാരം | 200000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തികളൊന്നും തന്നെ നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി, | കറുകപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 25/19 | 35400 177000) | 0 | 35400 177000) |
| | സ്ട്രീറ്റ്ലൈൻ നീട്ടൽ( വാർഡ് 2),29/19 | 147500 | 0 | 147500 |
| | ഹൈസ്കൂൾ ജംഗ്ഷൻ-മേലേ പൂച്ചക്കുളം റോഡിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ(വാർഡ് 3), 33/19 | 48100 300000 | 0 | 48100 300000 |
| | | | | |

| | | | | |
|---|---|---|---|---|
| | താഴെ പൂച്ചക്കുളം മുരുപ്പേൽപ്പരമ്പിൽ പടി സ്ട്രീറ്റ് ലൈൻ നീട്ടൽ, 35/19 | 47200<br>299720 | 0 | 47200<br>299720 |
| | ആനക്കല്ലുങ്കൽപ്പടി സ്ട്രീറ്റ്ലൈൻ നീട്ടൽ, 38/19 | 94400 | 0 | 94400 |
| | തേക്ക്തോട് മാർക്കറ്റ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ, 39/19 | 94400 | 0 | 94400 |
| | തണ്ണിത്തോട് അള്ളുങ്കൽ കിഴക്കേതിൽപ്പടി മുതൽ തേക്കുട്ടത്തിൽപ്പടി വരെ ലൈൻ എക്സ്റ്റൻഷൻ,44/19 | 94400 | 0 | 94400 |
| | ഏഴാന്തല കല്ലുപുരത്ത് വിളയിൽപ്പടി മുതൽ തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 42/19 | 342200 | 0 | 342200 |
| | വി.കെ.പാറ റോഡിൽ ഓമല്ലൂർപടി പ്ലാന്റേഷൻ റോഡ് തെരുവ് വിളക്ക് ലൈൻ നീട്ടൽ, 46/19 | 94400 | 0 | 94400 |
| | തണ്ണിത്തോട് മൂഴി പ്ലാന്റേഷൻ കെ.കെ.പാറ റോഡിൽ ഐരാട്ട് പടി പ്ലാന്റേഷൻ റോഡ് തെരുവ് വിളക്ക് ലൈൻ നീട്ടൽ, 49/19 | 94400 | 0 | 94400 |
| | പട്ടേരിപ്പടി റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, 53/19 | 50000 | 0 | 50000 |
| | എലിമുള്ളുംപ്ലാക്കൽ-തണ്ണിത്തോട് മൂഴി സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ, 64/19 | 696525 | 0 | 696525 |
| | മൂർത്തിമൺ റോഡ് തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 218/19 | 99828 | 0 | 99828 |
| | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ, 219/19 | 101650 | 0 | 101650 |
| | മണ്ണീറ തലമാനം വടക്കേക്കര കോളനി റോഡ് തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, 220/19 | 10000 | 0 | 10000 |
| വാട്ടർ അതോറിറ്റി | മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പൈപ്പ്ലൈൻ | 600000 | 0 | 600000 |

| | | | | |
|---|---|---|---|---|
| | നീട്ടൽ | | | |
| ഭൂജല വകുപ്പ് | പുതിയ പഞ്ചായത്ത് ഓഫീസ്- കുഴൽക്കിണർ നിർമ്മാണം | 134000 | 0 | 134000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.എഫ്.ഡി.സി-ലൈഫ് ഭവന വായ്പ | ജി.ഒ.(എം.എസ്) നം 100/2018/ എൽ.എസ്.ജി.ഡി തീയതി 30.07.2018 | 2249844 | 0 | 0 | 0 | 2249844 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104486308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91420122 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 980328 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 864329 | ശ്രീ.ഷാജു പി.എ, സെക്രട്ടറി |
| 1-20 | 96000 | ഡോ.ബിനിരാജ് വെറ്ററിനറി സർജൻ |
| 1-26 | 19999 | ശ്രീ.അജുദേവ് വി., അസി.സെക്രട്ടറി |
| ആകെ | 980328 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജു പി.എ, സെക്രട്ടറി | എരുത്തേൻപതി ഗ്രാമപ്പഞ്ചായത്ത്, കൊഴിഞ്ഞാമ്പാറ, പാലക്കാട് ജില്ല | പ്രതിഭ നിവാസ്, ഈസ്റ്റ് കല്ലട പി.ഒ, കൊല്ലം |
| ഡോ.ബിനിരാജ് വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പൻസറി, തണ്ണിത്തോട് | ലൈലാലയം, വെഞ്ഞാറമ്മൂട് പി.ഒ, തിരുവനന്തപുരം |
| ശ്രീ.അജുദേവ് വി., അസി.സെക്രട്ടറി | ഇലന്തൂർ ഗ്രാമപ്പഞ്ചായത്ത് | അഞ്ജലി<br>എരുമക്കുഴി<br>നൂറനാട് പി.ഒ, ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03 തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03 തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03 തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03 തീയതി 28-10-04 | 2 |
| 2001-02 (വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08 തീയതി 23-04-09 | 1 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08 തീയതി 31-05-09 | 16 |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07തീയതി 17-03-08 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12 | 1 |
| 2004-05 | എൽ.എഫ് പി.റ്റി.എ-പി9/204/10 തീയതി 11-1-11/17-4-12 | 3 |
| 2005-06 | എൽ. എഫ് പി.റ്റി.എ-പി9/970/11 തീയതി 12-12-11/2-5-12 | 2 |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11 തീയതി 12-12-11 | 3 |
| 2007-08 | എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12 | 4 |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12 തീയതി 06-06-12 | 3 |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12 | 11 |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13 തീയതി 21-10-13 | 5 |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13 തീയതി 30-11-13 | 6 |
| 2012-13 | എൽ. എഫ് പി.റ്റി.എ-പി9/261/15 തീയതി 15-7-15/21-7-15 | 16 |
| 2013-14 & 2014-15 | എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി9/1626/18 തീയതി 07-01-2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി9/199/2020 തീയതി 20.03.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

<u>AUDIT CERTIFICATE</u>

**No.KSAPTA.P9/199/2020** **Dated 20.03.2020**

Certified that I have Audited the Annual Financial Statement of **Thannithode Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thannithode Grama Panchayat** for the year 2018-19 except the observations in para 1-11 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Pathanamthitta